നം.ITS/2011/01/1402 (1)

STATE PROJECT OFFICE
**IT @ SCHOOL PROJECT**
*(IT project under directorate of public instruction)*
POOJAPURA P.O
THIRUVANANTHAPURAM-12
Ph: 0471-2529800 fax: 0471-2529810
E-mail: contact@itschool.gov.in

തീയതി : 19.01.2011

## സർക്കുലർ

**വിഷയം:- ഐ.ടി@സ്കൂൾ പ്രോജക്ട് - അധ്യാപകർക്ക് ലാപ്ടോപ്പുകളും നെറ്റ്ബുക്കുകളും കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കാനുള്ള പദ്ധതിയുടെ വിശദാംശങ്ങൾ - സംബന്ധിച്ച്.**

**സൂചന:-**1. Tender No.KSEDC/ITBG/ITP/2345/10-11 dated 17.09.2010.

2. 05.01.2011- ന് നടന്ന ഐടി@സ്കൂളിന്റെ ടെക്നിക്കൽ കമ്മിറ്റിയുടെ യോഗ തീരുമാനം.

സംസ്ഥാനത്ത് ഐടി അധിഷ്ഠിത വിദ്യാഭ്യാസം നടപ്പാക്കുന്നതിന്റെ ഭാഗമായി അധ്യാപകർക്ക് കുറഞ്ഞ നിരക്കിൽ ലാപ്ടോപ്പുകളും നെറ്റ്ബുക്കുകളും ലഭ്യമാക്കണമെന്ന ആവശ്യം ഐടി@സ്കൂൾ ടെക്നിക്കൽ കമ്മിറ്റി സൂചന 2-ൽ പരാമർശിച്ച യോഗത്തിൽ വിശദമായി പരിശോധിക്കുകയുണ്ടായി. ഇതനുസരിച്ച് ഐസിടി@സ്കൂൾ സ്കീമിനായി സൂചന 1 പ്രകാരം കെൽട്രോൺ ദേശീയ ടെണ്ടർ വിളിച്ച് ബൾക്ക് പർച്ചേസ് നടത്തിയതിൽ ലഭിച്ച വിലക്കുറവിന്റെ ആനുകൂല്യം അധ്യാപകർക്കും ലഭ്യമാക്കാൻ ടെക്നിക്കൽ കമ്മിറ്റി തീരുമാനിച്ചു. സ്കീമിന്റെ മുഴുവൻ വിശദാംശങ്ങളും അടങ്ങിയ കരട് രേഖ 07.01.2011-ന് പൊതു അഭിപ്രായത്തിനായി ഐടി@സ്കൂൾ വെബ്സൈറ്റിലും മാധ്യമങ്ങളിലും പ്രസിദ്ധീകരിച്ചിരുന്നു. ഈ പശ്ചാത്തലത്തിൽ സ്കീമിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ പുറപ്പെടുവിക്കുന്നു:

1. സൂചന 1 ലെ ദേശീയ ടെണ്ടറിൽ സാങ്കേതിക സാമ്പത്തിക യോഗ്യത നേടിയ കമ്പനികൾ ലാപ്ടോപ്പിന് 17,700/- രൂപയിൽ കൂടാതെയും നെറ്റ്ബുക്ക് 11,450/- രൂപയിൽ കൂടാതെയും ഉപകരണങ്ങൾ അധ്യാപകർക്ക് ലഭ്യമാക്കണം. ഇതനുസരിച്ച് ലാപ്ടോപ്പുകൾ എച്ച്.സി.എൽ, ആർ.പി.ഇൻഫോ സിസ്റ്റം, വിപ്രോ എന്നീ കമ്പനികളിൽ നിന്നും നെറ്റ്ബുക്കുകൾ എച്ച്.സി.എൽ, ആർ.പി.ഇൻഫോ സിസ്റ്റം എന്നീ കമ്പനികളിൽ നിന്നും ഈ തുകയിൽ അധ്യാപകർക്ക് വാങ്ങാനുള്ള അവസരം ലഭ്യമാക്കും. ആവശ്യമുള്ള മിനിമം സ്പെസിഫിക്കേഷൻ Annexure- 1 ൽ നൽകിയിട്ടുണ്ട്.

2. ലോവർ പ്രൈമറി മുതൽ ഹയർ സെക്കന്ററി/വി.എച്ച്.എസ്.സി തലം വരെയുള്ള സർക്കാർ-എയിഡഡ് സ്കൂളുകളിലെ അധ്യാപകർ, ഐടി@സ്കൂൾ മാസ്റ്റർ ട്രെയിനർമാർ, പ്രഥമാധ്യാപകർ, എസ്.എസ്.എ/എസ്.സി.ഇ.ആർ.ടി/ഡയറ്റ് ഫാക്കൽറ്റികൾ/മറ്റു പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പരിശീലന സ്ഥാപനങ്ങളിലെ ഫാക്കൽറ്റികൾ എന്നിവർക്ക് ഈ സ്കീം പ്രയോജനപ്പെടുത്താം. അപേക്ഷകൻ ഐടി പരിശീലനം നേടിയതും സ്കൂളിൽ ഐടി ഉപയോഗിച്ച് പഠിപ്പിക്കുന്നയാളുമാണ് എന്ന് പ്രഥമാധ്യാപകൻ സാക്ഷ്യപ്പെടുത്തണം. ഐടി പരിശീലനം നേടാത്ത എൽ.പി-യു.പി അധ്യാപകർ 2011 ജൂണിനു മുമ്പ് ഐടി പരിശീലനം നേടാമെന്ന അണ്ടർടേക്കിംഗ് നൽകിയാലും മതി. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പരിശീലന/ഗവേഷണ സ്ഥാപനങ്ങളിലെ അധ്യാപകർ അവരുടെ പ്രവർത്തനങ്ങളിൽ ഐടി ഉപയോഗിക്കുന്നു എന്ന് ബന്ധപ്പെട്ട സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തണം. ഇങ്ങനെ വാങ്ങുന്ന ഉപകരണം വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കും സ്വന്തം ആവശ്യങ്ങൾക്കുമല്ലാതെ വിൽപനയ്ക്കോ മറ്റോ ഉപയോഗിക്കില്ലെന്നും അപേക്ഷകൻ സാക്ഷ്യപ്പെടുത്തണം.

3. ഓഫറുകൾ നൽകിയിട്ടുള്ള കമ്പനികളെയും ലാപ്ടോപ്പും നെറ്റ്ബുക്കും വാങ്ങാൻ താല്പര്യമുള്ള അധ്യാപകരെയും ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ചുമതല മാത്രമാണ് ഐടി@സ്കൂളിനുള്ളത്. ഇതിനായി ജില്ലാ റിസോഴ്സ് കേന്ദ്രങ്ങളിലെ സൗകര്യം ലഭ്യമാക്കും. അധ്യാപകരിൽ നിന്നും ഈടാക്കാവുന്ന പരമാവധി തുക, ആവശ്യമുള്ള മിനിമം സ്പെസിഫിക്കേഷൻ സേവന വ്യവസ്ഥകൾ, ഇൻസ്റ്റാൾ ചെയ്യേണ്ട സോഫ്ട്വെയറുകൾ (ഐടി@സ്കൂൾ എഡ്യൂഉബുണ്ടു, ഓഫീസ് - ഗ്രാഫിക്സ് പാക്കേജുകൾ, മറ്റു വിദ്യാഭ്യാസ സോഫ്റ്റ്‌വെയറുകൾ) തുടങ്ങിയവ ഐടി@സ്കൂൾ നിഷ്കർഷിക്കും. ബ്രാൻഡുകൾ തിരഞ്ഞെടുക്കുന്നതുൾപ്പെടെയുള്ള മറ്റു കാര്യങ്ങളിൽ (ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക ഇടപാടുകളിൽ ഉൾപ്പെടെ) ഐടി@സ്കൂളിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

4. ഐടി@സ്കൂൾ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ പാലിച്ചുകൊണ്ടായിരിക്കണം അധ്യാപകർക്ക് ലാപ്ടോപ്പുകൾ വിൽക്കുന്നത്. 3 വർഷ വാരണ്ടിയുൾപ്പെടെയുള്ള മെയിന്റനൻസ് വിവരങ്ങൾ (പരാതി റിപ്പോർട്ട് ചെയ്യാനുള്ള പോർട്ടൽ, കോൾ സെന്റർ സംവിധാനങ്ങളുൾപ്പെടെ) അധ്യാപകർക്ക് ഉപകരണങ്ങളോടൊപ്പം പ്രത്യേകമായി നൽകണം. കമ്പനികൾ സമർപ്പിക്കേണ്ട അണ്ടർടേക്കിംഗ് Annexure - 2 ആയി നൽകുന്നു.

5. ലാപ്ടോപ്പ്/നെറ്റ്ബുക്ക് നേരിട്ട് കാണാനോ വാങ്ങാനോ താൽപര്യമുള്ള അധ്യാപകർ 2011 ജനുവരി 30-നകം www.itschool.gov.in സൈറ്റിൽ നൽകിയിട്ടുള്ള ലിങ്കിൽ ഓൺ ലൈനായി രജിസ്ററർ ചെയ്യണം. ഉപകരണങ്ങൾ തിരഞ്ഞെടുത്ത് ബുക്ക് ചെയ്യാനുള്ള സൗകര്യം ജില്ലകളിൽ നടക്കുന്ന റോഡ് ഷോകളിലായിരിക്കും. റോഡ് ഷോയിൽ പങ്കെടുക്കാൻ വരുമ്പോൾ Annexure 3- ൽ നൽകിയിട്ടുള്ള സ്ഥാപന മേധാവിയുടെ ഒപ്പോടെയുള്ള സർട്ടിഫിക്കേറ്റും (ഒരു ഫോട്ടോ കോപ്പി ഉൾപ്പെടെ) ഫോട്ടോ പതിച്ച ഏതെങ്കിലും തിരിച്ചറിയൽ കാർഡിന്റെ (ഇലക്ട്രൽ ഐഡന്റിറ്റി കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട്,...) പകർപ്പും കൂടെ കൊണ്ടു വരേണ്ടതാണ്. ഓൺലൈനായി രജിസ്റ്റർ ചെയ്യുമ്പോൾ ലഭിക്കുന്ന 'ഡോക്കറ്റ് നമ്പർ' ഈ സർട്ടിഫിക്കേറ്റിൽ നിശ്ചിത സ്ഥലത്ത് രേഖപ്പെടുത്തേണ്ടതാണ്.

6. 1500/- രൂപയാണ് ഉപകരണങ്ങൾ ബുക്ക് ചെയ്യാൻ Non- refundable അഡ്വാൻസായി നൽകേണ്ടത്. ഉപകരണങ്ങൾ കമ്പനികൾ അധ്യാപകരുടെ വിലാസത്തിൽ നേരിട്ടെത്തിക്കുകയോ, ജില്ലയിൽ ഒരു കേന്ദ്രത്തി

ലൂടെ വിതരണം നടത്തുകയോ ആവാം. ഈ സമയത്താണ് ബാക്കി തുക അധ്യാപകരിൽ നിന്നും ശേഖരിക്കേണ്ടത്.

7. ഒരധ്യാപകന് ഒരു ഉപകരണം (ലാപ്ടോപ്പ്/നെറ്റ്ബുക്ക്) മാത്രമാണ് വാങ്ങാൻ കഴിയുക. ഉൽപന്നത്തിന്റെ ഗുണനിലവാര പരിശോധന യുൾപ്പെടെയുള്ള കാര്യങ്ങൾ അപേക്ഷകന്റെ ഉത്തരവാദിത്വമാണ്. ലാപ്ടോപ്പ്/നെറ്റ്ബുക്ക് വാങ്ങിയശേഷം പിന്നീട് സപ്പോർട്ട് ഉൾപ്പെടെ യുള്ള കാര്യങ്ങൾക്കായി അധ്യാപകർ കമ്പനികളെ നേരിട്ട് (അവർ നൽകുന്ന ഇ-മെയിൽ/ഫോൺ നമ്പർ/വിലാസം) ബന്ധപ്പെടേണ്ടതാണ്. വിൽപനാനന്തരമുള്ള പ്രശ്നങ്ങൾക്കോ മറ്റു സർവീസ് സംബന്ധമായ സാങ്കേതിക സഹായങ്ങൾക്കോ, നിലവിൽ സ്കൂളിലെ ഉപകരണങ്ങൾക്ക് ഐടി@സ്കൂൾ പ്രോജക്ട് നൽകി വരുന്നതുപോലെയുള്ള യാതൊരുവിധ ത്തിലുള്ള ഇടപെടലും ഉണ്ടാവുന്നതല്ല.

8. ഒരു ജില്ലയിൽ നിന്ന് പരമാവധി 4000 അധ്യാപകർക്കാണ് സ്കീം ഉദ്ദേശി ക്കുന്നത്. ആവശ്യകതക്കനുസരിച്ച് ഇതിൽ മാറ്റം വരുത്തുന്ന കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്.

**കെ.അൻവർ സാദത്ത്**
എക്സിക്യൂട്ടീവ് ഡയറക്ടർ
ഐ.ടി@സ്കൂൾ പ്രോജക്ട്

പൊതുവിദ്യാഭ്യാസ ഡയറക്ടർ
ഹയർ സെക്കന്ററി ഡയറക്ടർ
വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടർ
} അറിവിലേയ്ക്കായി

വിദ്യാഭ്യാസ വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർമാർ
ഐടി@സ്കൂളിന്റെ കോർഡിനേറ്റർമാർ
ഡയറ്റ് പ്രിൻസിപ്പൽമാർ, ജില്ലാ പ്രോജക്ട് ഓഫീസർമാർ, വിദ്യാഭ്യാസ വകുപ്പിലെ മറ്റു പരിശീലന - ഗവേഷണ സ്ഥാപനങ്ങളിലെ ഫാക്കൽറ്റികൾ
എല്ലാ പ്രഥമാധ്യാപകർക്കും, എൽ.പി മുതൽ ഹയർ സെക്കന്ററി വരെയുള്ള സർക്കാർ -എയിഡഡ് സ്കൂളുകളിലെ അധ്യാപകർക്കും.

<u>Annexure- 1</u>

LAPTOP – *Minimum Specification* : ₹ 17,700/- (Three Models)

<table>
<tr><td>HCL<br>Model : ME 51</td><td>Wipro<br>Model : Ego HM 49XXX</td><td>Chirag<br>Model : Power Play 14D22</td></tr>
<tr><td colspan="2">Processor : Intel Celereon M900, 2.2 GHz,1 MB L2 cache, 45nm</td><td>Pentium DC, T4400 processor, 2.2 GHz,1 MB L2 cache, 45 nm technology</td></tr>
<tr><td colspan="3">Mother Board : Intel GL 40 chipset, OEM<br>RAM : 2 GB DDRIII -800 MHz<br>Hard Disk : 160 GB SATA 5400 RPM<br>Display : 14" Active Matrix wide Screen, 1200x800 WXGA<br>Graphics : Intel-GMA / ATI-Radeon XPRESS / NVidia Geforce<br>Optical Drive : Integrated DVD Writer 8X<br>Integrated wireless. 802.11 b/g/n, and 10/100 Fast Ethernet , Integrated Stereo speaker.<br>Interface-I/O Ports RJ 45, 3 x USB2.0, VGA port for External Monitor, Mic In, Speaker/ Headphone Out,<br>DC In for connecting AC Adaptor, Power 230V, 50 Hz AC Supply with rechargeable 6 Cell LI-ION Battery Pack, Battery Back up time 2 hours minimum during normal operation, Additional items Optical Scroll Mouse (USB), Carry Case<br>OS IT School Edubuntu 10.04 with all drivers preloaded,<br>All Drivers shall be provided in CD media<br>Warranty :3 Years On site Comprehensive including battery and power adapter.</td></tr>
</table>

NETBOOK – *Minimum Specification* : ₹ 11,450/- (Two Models)

| HCL - Model : ME L08 & Chirag - Model : Power Play 10MN 45 |
|---|
| Processor : Intel Atom N455 @1.66 GHz 512 KB L2 cache,<br>RAM : 1 GB DDR3 667 Mhz,<br>HDD : 160 GB 5400rpm SATA,<br>Display Size 10.1", Native Resolution 1024x600,<br>Integrated Graphics, shared Video Memory, Wi-Fi 802.11b/g/n,<br>Ports for Ethernet (RJ45) ; Port for Headphone; Port for Microphone; VGA port for External Monitor , 3 USB Ports, Kensington Lock; Card Slots for SD memory reader,<br>Battery Back up time 6 hours minimum during normal operation, Power adaptor,<br>IT@ School Edubuntu 10.04 preloaded with all drivers, with all driver CDs., Carry Bag/sleeve.<br>Warranty : 3 Years On site Comprehensive including battery and power adapter. |

## Annexure-2

## Terms and conditions agreed by Companies for the distribution of Laptops/ Netbooks to Teachers

1. We agree to arrange the Laptops/ Netbooks for teachers with the same specification and service conditions offered to KELTRON as given in ICT in School Scheme tender floated. (Annexure – 1).
2. We agree to arrange for the supply and installation of the laptops / Netbooks to the individuals after getting the order from them as per the schedule.
3. We would ensure that the laptops / netbooks supplied to individuals under this purchase are covered under 3 year onsite warranty.
4. We would ensure that the battery backup time of laptop shall be a minimum of 2 hours and that of a netbook shall be a minimum of 6 hours.
5. Laptops/Netbooks with any dead cell/dead spots are not acceptable. During the time of supply, if found any, the same would be replaced immediately. We agree to store back-up laptops at each location to replace any laptops with above said reason immediately.
6. Laptops/Netbooks supplied shall be preloaded with IT School Edubuntu 10.04 and it is our responsibility to make sure that the drivers supplied are compatible with above said OS. Printed copy of Username and password would be given to the Teachers.
7. We would inform the Teachers (by pamphlet) about, the details of offices and the persons to be contacted for providing service support during the three years of guarantee period. We would also inform the teachers the proper system of reporting an issue (through call center, web portal etc), if any, found in the equipment to them.
8. While installing the equipments, the date of installation, period of warranty, the details of contact persons/offices for undertaking

repair/maintenance would be clearly marked on the equipments using labels or indelible ink.

9. We would give a warranty card to ensure the after sales service for three years from the date of installation and satisfactory working of the hardware and as per the individual guarantee terms of the accessories at the respective locations.

10. The response time for solving an issue with a Laptop / Netbook would be a maximum of 2 working days and that of closing the issue would be maximum 5 working days, failing to which, an amount of Rupees 100/- could be levied from us as Liquidated damages per day. In case of major replacement, we agree to resolve the issue and return the equipment to the individual within 20 working days.

11. We agree that in case of any dispute, Principal Secretary, General Education Department will be the final authority to resolve this.

Signature:

Address:

(Office Seal)

## Annexure - 3

## CERTIFICATE

I hereby certify that Sri/Smt..................................................................................of ..............................................................................................School / Institution has undergone IT Training and is using IT in the class room transaction[1]/ teacher training programmes[2]/ has agreed to attend ICT training before June 2011[3]. This certificate is issued for availing the laptop under the special scheme, as per Circular No.ITS/2011/01/1402(1) dtd 19.01.2011 of Executive Director, IT@School Project, Govt. of Kerala. His / her Docket Number* is ……………………………………

Date : Signature of Head of Institution :
School Code :

(Office seal)

---

*For office use only*

Recommended ☐

No recommended ☐

DISTRICT CO-ORDINATOR
IT@SCHOOL

1. Applicable in case of High School /Higher Secondary / Upper Primary school teachers.
2. Applicable in case of teachers working in DIET/ SSA/ SCERT.
3. Applicable in case of teachers who are yet to attend the ICT training.
   (Strike off which is not applicable.)

* The number allocated during online registration process.